ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 06.04.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. വഖ്ഫ് ഭേദഗതി ബില്ലിന് അംഗീകാരം നൽകി രാഷ്ട്രപതി ദ്രൗപദി മുർമു. ഇതോടെ ബിൽ നിയമമായി.

   President Droupadi Murmu gives assent to the Waqf (Amendment) Bill, 2025, the bill becomes law.

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ശ്രീലങ്കൻ സന്ദർശനം തുടരുന്നു. ഇന്ത്യൻ സഹായത്തോടെ നടപ്പാക്കുന്ന റെയിൽവേ പദ്ധതികൾ പ്രധാനമന്ത്രിയും ശ്രീലങ്കൻ പ്രസിഡന്റും സംയുക്തമായി ഇന്ന് ഉദ്ഘാടനം ചെയ്യും.

   PM Narendra Modi's visit to Sri Lanka continues. The Prime Minister and the Sri Lankan President will jointly inaugurate India backed railway projects

3. എൻജിനിയറിങ് വിസ്മയങ്ങളിലൊന്നായ രാമേശ്വരത്തെ പുതിയ പാമ്പൻപാലം പ്രധാനമന്ത്രി ഇന്ന് രാഷ്ട്രത്തിന് സമർപ്പിക്കും.

   The Prime Minister will dedicate one of the engineering wonders, the new Pamban Bridge in Rameswaram, to the nation today.

4. കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത.

   IMD predicts heavy rain and wind with thunderstorms in Kerala.

Yellow alert in Thiruvananthapuram, Pathanamthitta, Malappuram and Wayanad districts.

5. ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനെതിരെ രാജസ്ഥാൻ റോയൽസിന് ജയം. ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

Rajasthan Royals win against Punjab Kings in IPL cricket. Sunrisers Hyderabad will face Gujarat Titans today.

**********************************

HEADLINE-1

## MORN. PREZ - WAQF BILL

വഖ്ഫ് ഭേദഗതി ബില്ലിന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. ഇതോടെ ബിൽ നിയമമായി. ലോക്സഭയിൽ വ്യാഴാഴ്ച അവതരിപ്പിച്ച ബിൽ 56 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് പാസായത് 288 അംഗങ്ങൾ ബില്ലിനെ പിന്തുണച്ചപ്പോൾ 232 അംഗങ്ങൾ എതിർത്തുവോട്ട് ചെയ്തു. രാജ്യസഭയിൽ വെള്ളിയാഴ്ച 128 അംഗങ്ങൾ അനുകൂലിച്ചും 95 അംഗങ്ങൾ എതിർത്തും ഈ ബില്ലിൻ മേൽ വോട്ട് ചെയ്തിരുന്നു. മുസൽമാൻ വഖ്ഫ് പിൻവലിക്കൽ ബിൽ 2025 നും രാഷ്ട്രപതി അംഗീകാരം നൽകി. രാജ്യത്തെ വഖ്ഫ് സ്വത്ത് പരിപാലനം, സുതാര്യത, കാര്യക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിൽ ഗണ്യമായ പരിഷ്കാരങ്ങൾ കൊണ്ടുവരിക എന്നതാണ് ഈ പുതിയ നിയമത്തിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്

*******************************

## REV. WAQF BILL - MYTHS

2025-ലെ വഖഫ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട മിഥ്യാധാരണകൾ തിരുത്തി കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം. 1995-ലെ വഖഫ് നിയമത്തിന് മുമ്പും, 1995-ലെ

വഖഫ് നിയമത്തിന് അനുസൃതമായും രജിസ്റ്റർ ചെയ്യിട്ടുള്ള ഒരു സ്വത്തും റദ്ദാക്കില്ലെന്ന് മന്ത്രാലയം വ്യക്തമാക്കി. സ്വത്തുക്കളിൽ സുതാര്യതയും അവ മെച്ചപ്പെട്ട രീതിയിൽ കൈകകാര്യം ചെയ്യുന്നതിനുമാണ് ബിൽ ലക്ഷ്യമിടുന്നതെന്ന് ന്യൂനപക്ഷകാര്യ മന്ത്രാലയം വ്യക്തമാക്കി.

******************************

HEADLINE-2

## PM - SRILANKA

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ശ്രീലങ്കൻ സന്ദർശനം തുടരുന്നു. ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയുമായി പ്രധാനമന്ത്രി ഇന്നലെ കൊളംബോയിൽ കൂടിക്കാഴ്ച നടത്തി. ഊർജ സഹകരണം, പ്രാദേശിക സ്ഥിരത തടുങ്ങിയ വിവിധ വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്യു. ദ്വീപ് രാഷ്ട്രത്തിന് ഊർജ സുരക്ഷ ഉറപ്പ് നൽകുന്നത് ലക്ഷ്യമിട്ടുള്ള സാംപൂർ ഊർജ പദ്ധതിയ്ക്കും ഇരു നേതാക്കളും തുടക്കം കുറിച്ചു. സിലോൺ വൈദ്യുത ബോർഡ്, NTPC എന്നിവർ ഒരുമിച്ചാണ് പദ്ധതി യാഥാർഥ്യമാക്കുക.

(പിഎം വോയിസ്)

******************************

## PM - ANURADHAPURA VISIT

അനുരാധപുരയിലേയ്ക്ക് ഇന്ന് യാത്ര തിരിക്കുന്ന ശ്രീ. മോദി, ഇന്ത്യൻ സഹായത്തോടെ നടപ്പാക്കുന്ന റെയിൽവേ പദ്ധതികൾ സംയുക്തമായി ഉദ്ഘാടനം ചെയ്യും. ദ്വീപ് രാഷ്ട്രത്തിന്റെ വടക്കൻ ഭാഗങ്ങളെ, കൊളംബോയുമായി ബന്ധിപ്പിക്കുന്നതിൽ പ്രധാനമാണ് ഈ പാതകൾ. ജയാ ശ്രീ മഹാ ബോധി ക്ഷേത്രവും ശ്രീ. മോദി സന്ദർശിക്കും. അശോക ചക്രവർത്തിയുടെ മകളെന്ന് കരുതപ്പെടുന്ന, ബുദ്ധ സന്യാസിനി സംഘ മിത്ര തേരി, ഇന്ത്യയിൽ നിന്നും കൊണ്ടുവന്ന വൃക്ഷം ഇവിടെ സ്ഥിതി

ചെയ്യുന്നുണ്ട്. ഇന്ന് ഉച്ചയോടെ ശ്രീലങ്കൻ സന്ദർശനം പൂർത്തിയാക്കുന്ന പ്രധാനമന്ത്രി തമിഴ്നാട്ടിലെക്ക് തിരിക്കും.

*******************************

HEADLINE-3

## THE NEW PAMBAN BRIDGE-PM (INTRO)

രാജ്യത്തെ എൻജിനിയറിങ് വിസ്മയങ്ങളിലൊന്നായി വിശേഷിപ്പിക്കുന്ന തമിഴ്നാട് രാമേശ്വരത്തെ പുതിയ പാമ്പൻപാലം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാഷ്ട്രത്തിന് സമർപ്പിക്കും.

**വിശദാംശങ്ങളിലേക്ക്...............**

(വോയിസ്)

*രാമനാഥപുരം ജില്ലയിലെ പാമ്പൻ ദ്വീപിനെയും രാമേശ്വരത്തെയും വൻകരയുമായി ബന്ധിപ്പിക്കുന്ന കടൽപ്പാലമാണ് പാമ്പൻപാലം. ഇന്ത്യൻ റെയിൽവേയുടെ എൻജിനീയറിങ് വിഭാഗമായ റെയിൽ വികാസ് നിഗം ലിമിറ്റഡാണ് 535 കോടി രൂപ ചെലവിൽ പുതിയ പാലം നിർമിച്ചത്. സമുദ്രനിരപ്പിൽനിന്ന് ആറുമീറ്റർ ഉയരമുള്ള പുതിയ പാലത്തിന് 2.08 കിലോമീറ്ററാണ് ദൈർഘ്യം. കപ്പലുകൾക്ക് കടന്നുപോകാൻ ഒരു ഭാഗം ലംബമായി ഉയരുന്ന രാജ്യത്തെ ആദ്യ 'വെർട്ടിക്കൽ ലിഫ്റ്റിങ്' പാലമാണിത്. ചടങ്ങിൽ രാമേശ്വരത്തുനിന്ന് പാമ്പൻപാലത്തിലൂടെ താംബരത്തേക്കുള്ള പുതിയ തീവണ്ടി സർവീസും ശ്രീ.മോദി ഉദ്ഘാടനം ചെയ്യും. കൂടാതെ 8,300 കോടി രൂപയുടെ റെയിൽ, റോഡ് പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും. രാമേശ്വരം ക്ഷേത്രവും അദ്ദേഹം സന്ദർശിക്കും.*

***ന്യൂസ് ഡെസ്ക് ആകാശവാണി....***

*******************************

## PRESIDENT VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം പോർച്ചുഗലും സ്ലോവാക് റിപ്പബ്ലിക്കും സന്ദർശിക്കും. നാളെ പോർച്ചുഗലിലെത്തുന്ന രാഷ്ട്രപതി പോർച്ചുഗൽ പ്രസിഡന്റ് മാഴ്‌സെലോ റെബെലോ ഡിസൂസയുമായി പ്രതിനിധിതല ചർച്ച നടത്തും. തുടർന്ന് ഈ മാസം ഒൻപതിനും പത്തിനും രാഷ്ട്രപതി സ്ലോവാക്യയിൽ പര്യടനം നടത്തും.

******************************

## AMITSHAH- JAMMU

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ജമ്മു കശ്മീർ സന്ദർശിക്കും. സുരക്ഷാ ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്ന അദ്ദേഹം മേഖലയിലെ സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യും. മൂന്ന് ദിവസത്തെ സന്ദർശന വേളയിൽ, ജമ്മുവിലെ ബിജെപി എംഎൽഎമാരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. അമർനാഥ് യാത്രയുടെ ക്രമീകരണങ്ങൾ സംബന്ധിച്ച യോഗത്തിലും അദ്ദേഹം അധ്യക്ഷത വഹിക്കും. അതേസമയം, ശ്രീനഗറിൽ വിവിധ വികസന പദ്ധതികൾ അദ്ദേഹം വെർച്വലായി ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്യും.

******************************

## SITHARAMAN - CHENNAI

'ഒരു രാഷ്ട്രം, ഒരു തിരഞ്ഞെടുപ്പ്' സംവിധാനം നടപ്പിലാക്കിയാൽ ഇന്ത്യ 1.5 ശതമാനം വളർച്ച കൈവരിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. രാജ്യത്തിന്റെ ജിഡിപിയിൽ 4.5 ലക്ഷം കോടി രൂപയുടെ വർധന ഉണ്ടാകുമെന്ന് ഇന്നലെ ചെന്നൈയിൽ നടന്ന സെമിനാറിൽ സംസാരിക്കവെ, കേന്ദ്രമന്ത്രി വിശദീകരിച്ചു. 2019 ലെ ലോക്‌സഭാ തിരഞ്ഞെടുപ്പിനുള്ള ഏകദേശ ചെലവ് ഒരു ലക്ഷം കോടി രൂപയാണെന്നും ഒരേസമയം തിരഞ്ഞെടുപ്പുകൾ

നടത്തുന്നത് 12,000 കോടി രൂപ ലാഭിക്കുമെന്നും അവർ ചൂണ്ടിക്കാട്ടി. അത്തരം തിരഞ്ഞെടുപ്പുകൾ പോളിംഗ് ശതമാനം വർദ്ധിപ്പിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

*******************************

## MATHRUBHUMI AWARD - SARAH JOSEPH

2024-ലെ 'മാതൃഭൂമി സാഹിത്യ' പുരസ്കാരം സാറാ ജോസഫിന്. മൂന്നു ലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവുമടങ്ങുന്നതാണ് പുരസ്കാരം. മേയ് ആദ്യവാരത്തിൽ പുരസ്കാര സമർപ്പണം നടക്കും.

*******************************

HEADLINE-4

## WEATHER KERALA

ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ കേരളത്തിൽ ഇന്ന് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി. അതേസമയം തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

*******************************

## HINDUSTAN POWER LINKS- CASE

കൊച്ചിയിലെ ഹിന്ദുസ്ഥാൻ പവർ ലിങ്ക്സ് എന്ന സ്ഥാപനത്തിൽ തൊഴിൽ പീഡനം നടന്നെന്ന വാർത്തയിൽ സംസ്ഥാന യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു. എറണാകുളം ജില്ലാ പോലീസ് മേധാവിയോട് കമ്മീഷൻ റിപ്പോർട്ട് തേടിയിട്ടുണ്ട്. സ്ഥാപനത്തിന്റെ കലൂർ ജനതാ റോഡിലെ ശാഖയിൽ

തൊഴിലാളികളെ ഉപദ്രവിക്കുന്ന ദൃശ്യങ്ങൾ പുറത്തായതിനെ തുടർന്നാണ് നടപടി.

*******************************

## BJP- FOUNDATION DAY

ഭാരതീയ ജനതാ പാർട്ടി ഇന്ന് സ്ഥാപക ദിനം ആഘോഷിക്കും. ന്യൂഡൽഹിയിലെ ബിജെപി ദേശീയ ആസ്ഥാനത്ത് പാർട്ടി അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ പി നഡ്ഡ പാർട്ടി പതാക ഉയർത്തും. പാർട്ടി ബൂത്ത് പ്രവർത്തകരുമായി ശ്രീ നഡ്ഡ സംവദിക്കും. തിരുവന്തപുരത്തെ സംസ്ഥാന കാര്യാലയത്തിൽ പാർട്ടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പതാക ഉയർത്തും.

*******************************

## CPIM PARTY CONGRESS

CPIM 24-ാം പാർട്ടി കോൺഗ്രസ് ഇന്ന് മധുരയിൽ സമാപിക്കും. പുതിയ കേന്ദ്ര കമ്മിറ്റിയെയും പാർട്ടി ജനറൽ സെക്രട്ടറിയേയും ഇന്ന് തെരഞ്ഞെടുക്കും.

*******************************

## AYODHYA - RAM NAVAMI

ഇന്ന് രാമനവമി. ചൈത്ര മാസത്തിലെ ഒമ്പതാം ദിവസമായ ഇന്ന് രാജ്യമെമ്പാടുമുള്ള ഭക്തർ, ശ്രീരാമന്റെ ജന്മദിനം ഭക്തിപുരസ്സരം ആഘോഷിക്കുന്നു. അയോധ്യയിലെ ശ്രീ രാമക്ഷേത്രത്തിൽ പ്രത്യേക ചടങ്ങുകളിൽ പങ്കെടുക്കാൻ എത്തുന്ന ഭക്തർക്കായി എല്ലാ ക്രമീകരണങ്ങളും ഒരുക്കിയതായി ക്ഷേത്രം ട്രസ്റ്റ് അറിയിച്ചു.

*******************************

## PRESIDENT- RAMNAVAMI

രാമനവമിയുടെ അവസരത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ജനങ്ങൾക്ക് ആശംസകൾ നേർന്നു. ശ്രീരാമന്റെ ഇതിഹാസ ജീവിതയാത്ര എല്ലാവർക്കും സത്യം, ധർമ്മം, എന്നിവയുടെ പാത പിന്തുടരാൻ പ്രചോദനം നൽകുന്നുവെന്ന് ശ്രീമതി മുർമു പറഞ്ഞു.

*******************************

HEADLINE-5

## IPL

ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് ജയം. ഇന്നലെ രാത്രി ചണ്ഡീഗഡിൽ നടന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സിനെ 50 റൺസിനാണ് രാജസ്ഥാൻ പരാജയപ്പെടുത്തിയത്. ആദ്യം ബാറ്റ് ചെയ്ത രാജസ്ഥാൻ 20 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 205 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ പഞ്ചാബ് കിംഗ്സിന് ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 155 റൺസ് മാത്രമേ നേടാനായുള്ളൂ. ഇന്നലെ നേരത്തെ നടന്ന മറ്റൊരു മത്സരത്തിൽ, ഡൽഹി ക്യാപിറ്റൽസ് ചെന്നൈ സൂപ്പർ കിംഗ്സിനെ 25 റൺസിന് പരാജയപ്പെടുത്തി. ഇന്നത്തെ മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകുന്നേരം 7:30 ന് ഹൈദരാബാദിലാണ് മത്സരം.

*******************************

## WORLD BOXING CUP - GOLD

ബ്രസീലിൽ നടക്കുന്ന ലോക ബോക്സിങ് കപ്പിൽ ഇന്ത്യക്ക് സ്വർണം. പുരുഷന്മാരുടെ 70 കിലോഗ്രാം വിഭാഗത്തിലാണ് ഇന്ത്യയുടെ ഹിതേഷ് ഗുലിയാ സ്വർണം നേടിയത്. 65 കിലോഗ്രാം വിഭാഗത്തിൽ പുരുഷതാരം അഭിനാഷ് ജാംവാൾ വെള്ളിയും നേടിയിരുന്നു.

*******************************

## I LEAGUE FOOTBALL

ഐ-ലീഗ് ഫുട്ബോളിൽ കലാശക്കളിയിൽ ഇന്ന് ഗോകുലം കേരള എഫ്സി, ഡെംപോ SC ഗോവയെ നേരിടും. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകുന്നേരം നാലിനാണ് മത്സരം. ഇതേ സമയം ശ്രീനഗറിൽ ചർച്ചിൽ ബ്രദേഴ്സ് ഗോവ -റിയൽ കശ്മീർ എഫ്സിയെയും നേരിടും.

*******************************

## CENTRE- AID

കഴിഞ്ഞ വർഷം നേരിട്ട പ്രകൃതിദുരന്തങ്ങൾക്ക് ആശ്വാസമായി ബിഹാർ, ഹിമാചൽ പ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിക്കും 1,280 കോടിയിലധികം രൂപയുടെ അധിക സഹായം അനുവദിച്ച് കേന്ദ്ര സർക്കാർ. ദുരന്തങ്ങൾക്ക് തൊട്ടുപിന്നാലെ, സർക്കാർ അന്തർ-മന്ത്രാലയ കേന്ദ്ര സംഘങ്ങളെ ഈ സംസ്ഥാനങ്ങളിലേക്ക് നിയോഗിച്ചതായി ആഭ്യന്തര മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

*******************************

## MYANMAR-DEATH TOLL

മ്യാൻമറിൽ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 3,354 ആയി ഉയർന്നു. 200 ലധികം പേരെ ഇപ്പോഴും കാണാനില്ലെന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇന്ത്യയിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള രക്ഷാപ്രവർത്തകർ പുനരധിവാസ പ്രവർത്തനങ്ങളിൽ സജീവമായി തുടരുന്നു. ഓപ്പറേഷൻ ബ്രഹ്മയുടെ കീഴിൽ ശനിയാഴ്ച ഇന്ത്യ മ്യാൻമറിലേക്ക് 442 ടൺ കൂടി ഭക്ഷ്യസഹായം എത്തിച്ചു.

*

**************

***********************************************